DEPRESSED CLASS PUPILS—CLOTHS—DISTRIBUTION OF

278. മിസ്റ്റർ പി. കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് ദയവായി മറുപടി പറയുമോ.—

(എ) കൊച്ചിയിലെ അധഃകൃതവിദ്യാർത്ഥിനീവിദ്യാർത്ഥികൾക്ക് അധഃകൃതഡിപ്പാർട്ട്മെണ്ടിൽനിന്നു ഒരുകൊല്ലത്തിൽ എത്രപ്രാവശ്യമാണ് വസ്ത്രങ്ങൾ കൊടുക്കുന്നതു;

(ബി) ഇക്കൊല്ലം കൊടുക്കേണ്ടതായ വസ്ത്രങ്ങൾ കൊടുത്തു തീർന്നിട്ടുള്ളതായി ബഹുമാനപ്പെട്ട ഗവൺമേണ്ടിലേക്ക് റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ:

(എ) രണ്ടുതവണ. ചിങ്ങമാസത്തിൽ ഓണത്തിനുമുമ്പ് ഒന്നാംതവണയും ക്രിസ്മസ്സിന് മുടക്കം കഴിഞ്ഞു രണ്ടാംതവണയും.

(ബി) ഒന്നാംതവണ എല്ലാസ്കൂളുകളിലേക്കും വിതരണം പൂർത്തിയായിനടന്നിട്ടുണ്ട്. രണ്ടാംതവണത്തെ വിതരണം ഇപ്പോൾ നടന്നുവരുന്നുണ്ട്. തൃശ്ശിവപേരൂരിനു സമീപമുള്ള സ്കൂളുകൾ ഒഴിച്ചു ബാക്കി താലൂക്കുകളിലെ സ്കൂളുകളിലേക്ക് സപ്ലൈ കഴിഞ്ഞിരിക്കുന്നു. ഇതു കഴിയുന്നതും വേഗത്തിൽ കൊടുക്കുവാനുള്ള ഏർപ്പാടുചെയ്യാം.

CONCESSIONS TO DEPRESSED CLASS STUDENTS UNDERGOING HIGHER STUDIES AT ERNAKULAM—CONTINUANCE OF

279. മിസ്റ്റർ പി. കെ. കൃഷ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

അധഃകൃതസമുദായങ്ങളിൽനിന്നു ഉപരിപഠനാർത്ഥം എറണാകുളത്തു വരുന്ന വിദ്യാർത്ഥിനികൾക്കു ചെയ്യുന്ന സൌജന്യങ്ങൾ നിലവിലുള്ളതുപോലെതന്നെ തുടരുവാൻ ബഹുമാനപ്പെട്ട ഗവൺമെണ്ട് ഉദ്ദേശിക്കുന്നുണ്ടോ?

ഡോക്ടർ എ. ആർ. മേനോൻ: ഉവ്വ്.

COIR MERCHANTS—GRIEVANCES OF

280. മിസ്റ്റർ ബി. എം. പീറർ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) കയറു കച്ചവടക്കാരുടെ ഒരു പൊതുയോഗം കഴിഞ്ഞ ഫെബ്രുവരി മിഥുനം രണ്ടാംതീയതി ഗവൺമെണ്ടു കൊയർ ഡിപ്പോവിൽ വെച്ചു സമ്മേളിച്ചതായി ഗവൺമെണ്ടിനറിയാമൊ;

(ബി) അതേസംബന്ധിച്ചു വല്ല നിവേദനവും ഗവൺമെണ്ടിനു ലഭിച്ചിട്ടുണ്ടൊ;

(സി) ഉണ്ടെങ്കിൽ അതിന്റെ ഒരു കോപ്പി മേശപ്പുറത്തു വെക്കുവാൻ ബഹുമാനപ്പെട്ട ഗവൺമെണ്ടിനു ദയവുണ്ടാകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അതിൽ വല്ല നിർദ്ദേശങ്ങളും ഗവമ്മെണ്ടിനു സ്വീകാര്യമായി തോന്നീട്ടുണ്ടൊ?

ഡോക്ടർ എ. ആർ. മേനോൻ :

(എ) ഉവ്വ്.

(ബി) ഇല്ല.

(സി) & (ഡി) ഉത്തരം ആവശ്യമില്ല.

DEPRESSED CLASSES USING PUBLIC ROADS—ASSAULT ON

281. മിസ്റ്റർ പി. കെ. കൃഷ്ണൻ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവമ്മെണ്ടു ദയവായി മറുപടി പറയുമോ.—

(എ) എല്ലാവർക്കും യഥേഷ്ടം സഞ്ചരിക്കാവുന്ന പഞ്ചായത്ത്, പബ്ലിക്കു് എന്നീ റോഡുകളിൽ നിന്നും ഇപ്പോഴും അധഃകൃതരെ മറ്റു സമുദായക്കാർ ആട്ടി ഓടിക്കുകയും ദേഹോപദ്രവങ്ങൾ ഏല്പിക്കുകയും ചെയ്യുന്നതായി ബഹുമാനപ്പെട്ട ഗവമ്മെണ്ടിനു ബോദ്ധ്യം വന്നിട്ടുണ്ടൊ ;

(ബി) ഇപ്രകാരമുള്ള അനീതികൾ ഇനിയും തുടരാതിരിപ്പാൻ വെട്ടുവഴികളിൽ വെച്ചു് ആരേയും വഴിമാറരുതെന്നു ഒരു ഉത്തരവുപ്രസിദ്ധീകരിക്കുവാൻ ബഹുമാനപ്പെട്ട ഗവമ്മെണ്ടിനു ദയവുണ്ടാകുമോ ?

ഡോക്ടർ എ. ആർ. മേനോൻ :

(എ) ഇല്ല.

(ബി) ഉത്തരം ആവശ്യമില്ല.

BULLETIN BY IMPERIAL COUNCIL OF AGRICULTURAL RESEARCH—"MANURING OF PADDY"—TRANSLATION OF

282. Mr. C. V. Iyyu *(Kunnamkulam):* Will Government be pleased to state.—

(*a*) whether they are in receipt of the bulletin called "Manuring of paddy" published recently by the Imperial Council of Agricultural Research ;

(*b*) if so, will they be pleased to translate in Malayalam and publish the same ?

Dr. A. R. Menon *(Minister for Rural Development):*

(*a*) Yes.

(*b*) Arrangements have been made already to publish a leaflet incorporating the suggestions contained in the bulletin of the Imperial Council of Agricultural Research.

LIBRARY ARCHIVES Kerala Legislative Assembly